ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അക്കാദമിക് യോഗ്യതകൾ പൂർണ്ണമായി നേടിയവരെ മാത്രം 'സെറ്റ്' എഴുതാൻ അനുവദിച്ചാൽ മതി എന്ന് സെറ്റിന്റെ നടത്തിപ്പിനുള്ള പരീക്ഷാബോർഡ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരീക്ഷാ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരമാണ് സെറ്റിനുള്ള പ്രോസ്പെക്ടസ് തയ്യാറാക്കിയിരിക്കുന്നത്. ഇപ്പോൾ ബി. എഡ്. കോഴ്സ് പൂർത്തിയാക്കിയവരുടെ ഫലം പ്രസിദ്ധീകരിച്ച ശേഷം യോഗ്യരാകുന്നുവെങ്കിൽ അവർക്ക് അടുത്ത സെറ്റ് എഴുതാവുന്നതാണ്.

ബി. എഡ്. മിനിമം വിദ്യാഭ്യാസ യോഗ്യതയായിട്ടുള്ള തസ്തികകൾ

132 [684] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. എഡ്. മിനിമം വിദ്യാഭ്യാസ യോഗ്യതയായിട്ടുള്ള എത്ര തസ്തികകൾ വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള ബി. എഡ്. ട്രെയിനിംഗ് കോളേജുകളിൽ എല്ലാംകൂടി ഒരു വർഷം എത്ര പേർക്ക് ട്രെയിനിംഗ് കൊടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം ബി. എഡ്. ട്രെയിനിംഗ് കോഴ്സ് നടത്തുന്നതിന് എത്ര സീറ്റുകൾ വീതമുള്ള എത്ര സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകുകയുണ്ടായി;

(ഡി) ബി. എഡ്. ട്രെയിനിംഗ് കഴിഞ്ഞ് ജോലി ലഭിക്കാതെ സംസ്ഥാനത്ത് നിലവിലുള്ളവരെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ;

(ഇ) ബി. എഡ്. ട്രെയിനിംഗ് ലഭിച്ച എത്ര പേർ പ്രതിവർഷം സംസ്ഥാനത്ത് ആവശ്യമായി വരുന്നുവെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) 2002-ൽ നടത്തിയ ഒരു പഠനത്തിൽ 9860 ബി. എഡ്. സീറ്റുകൾ ഉള്ളതായി കണ്ടെത്തിയിരുന്നു. അതിനുശേഷം ആരംഭിച്ച 10 അൺ എയ്ഡഡ് സീറ്റുകളും ചേർത്ത് ഏകദേശം 11,000 സീറ്റുകൾ ബി. എഡ്. കോഴ്സിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി. എഡ്. കോഴ്സ് നടത്തുന്നതിന് 74 സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്. സീറ്റുകൾ നിർണ്ണയിച്ച് നൽകുന്നത് എൻ. സി. റ്റി./യൂണിവേഴ്സിറ്റിയാണ്.

(ഡി) 57108 ബി. എഡ്. ബിരുദധാരികൾ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലന്വേഷകരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ബി. എഡ്. ട്രെയിനിംഗ് കോളേജിന് എൻ. ഒ. സി. നൽകുന്നത് സംബന്ധിച്ച് പഠിച്ച വിദഗ്ധ സമിതി സംസ്ഥാനത്ത് ഏകദേശം 16,000 ബി. എഡ്. സീറ്റുകൾ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള തൊഴിലവസരം കൂടി കണക്കിലെടുത്താണിത്.

പുതിയ ബി. എഡ്. കോളേജുകൾ

133 [685] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര ബി. എഡ്. കോളേജുകൾക്കുള്ള അംഗീകാരമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) അംഗീകാരം നൽകിയ ബി. എഡ്. കോളേജുകൾ ഏതെല്ലാം ട്രസ്റ്റുകൾക്കാണ് നൽകിയത്; ഇതിൽ ട്രസ്റ്റികൾ ആരൊക്കെ; അവരുടെ പേരുവിവരവും മേൽവിലാസവും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 64 ബി. എഡ്. കോളേജുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(ബി) എൻ. ഒ. സി. നൽകിയ 64 കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.† ട്രസ്റ്റുകൾ, ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യക്തികൾ, കോർപ്പറേറ്റ് മാനേജ്മെന്റുകൾ എന്നിവയും ബി. എഡ്. കോളേജ് തുടങ്ങുന്നതിന് എൻ. ഒ. സി. ലഭിച്ചവരിൽപ്പെടുന്നുണ്ട്. ട്രസ്റ്റികളുടെ പേരുവിവരവും മേൽവിലാസവും ശേഖരിച്ച് നൽകുന്നതാണ്.

പുതുതായി അനുവദിച്ച ബി. എഡ്. കോളേജുകൾ

134 [686] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര ബി. എഡ്. കോഴ്സുകൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവെന്നതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly